Week 3

# Weekly - Devotion - April 2018

## Keys to open the Flood Gates

### (ആകാശത്തിന്റെ കിളിവാതിൽ തുറക്കുന്ന താക്കോലുകൾ)




വലതുകരം കൊണ്ട് ആകാശം വിരിച്ചവനു (യെശ 48:13) മാത്രമേ ആകാശത്തിന്റെ കിളി വാതിലുകൾ അടയ്ക്കുവാനും, തുറക്കുവാനും കഴിയുകയുള്ളു ആത്മീയമായി ചിന്തിച്ചാൽ ആത്മ മാരി നമ്മിലേക്കയക്കുവാനും ആ അനുഗ്രഹമാരി നമ്മിൽ നിലനിർത്തുവാനും യഹോവയ്ക്കു മാത്രമേ കഴിയുകയുള്ളു. 2018 ന്റെ നാലുമാസം പിന്നിടാറായിട്ടും ഈ പുതുവർഷത്തിൽ ലഭി ക്കേണ്ട അനുഗ്രഹം നിങ്ങൾ പ്രാപിച്ചോ? പലർക്കും മറുപടി പറയുവാൻ കഴിയുന്നില്ല. എന്നാൽ ഈ ചോദ്യത്തിനുള്ള മറുപടി നമുക്ക് പ്രാപ്യമാക്കുവാൻ ഒരു താക്കോൽ കൂട്ടത്തെ എടുത്ത് ഒരോ താക്കോലായി ഉപയോഗിക്കാം.

Read 2 രാജ:(3:9:20) മൂന്ന് രാജാക്കൻമാർ ഒന്നിച്ച് യുദ്ധ സന്നാഹത്തോടെ പുറപ്പെട്ടു. എല്ലാം അവരവരുടെ കൈവശമുണ്ടെങ്കിലും വെള്ളത്തിനു ക്ഷാമം നേരിട്ടു. ആത്മീയദാഹം തീർക്കാൻ കരഗതമാക്കേണ്ട താക്കോലുകളെ ഈ സംഭവത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

**1) യഹോവയുടെ അരുളപ്പാട് ചോദിക്കുക(2 രാജ : 3:11)**

ജീവഹാനി സംഭവിപ്പാൻ സാദ്ധ്യതയുണ്ട് ജലദൗർലഭ്യം ഉണ്ടായാൽ. അതുപോലെ ആത്മീയ ജീവൻ നിലനിർത്തുവാൻ യഹോവയ്ക്കു മാത്രമെ നമ്മെ സഹായിപ്പാൻ കഴിയുക യുള്ളു അതിനായി യഹോവയെ അന്വേഷിച്ച് കണ്ടെത്തി അവൻ പറയുന്നത് അനുസരിക്കണം. യഹോവയെ അറിയാൻ ഉത്സാഹിച്ചാൽ അവൻ മഴപോലെ നമ്മുടെ അടുക്കൽ വരുന്നു.യഹോ വയെ അന്വേഷിക്കുന്നവൻ മാത്രമല്ല അവനോടൊപ്പം നില്ക്കുന്നവനും അനുഗ്രഹീതരാകും ഈ താക്കോൽ ഉപയോഗിച്ചാൽ അബ്രഹാം യഹോവയിൽ വിശ്വസിച്ച് കൂടെ നടന്നതിനാൽ വിളിക്കാ തിറങ്ങി അബ്രഹാമിനോടൊപ്പം നിന്ന ലോത്തും അനുഗ്രഹീതനായി. ന്യായധിപസംഘം രക്ഷക നെ പറ്റി പറയരുതെന്ന് വിലക്കിയപ്പോഴും ശിഷ്യന്മാർ ഒന്നിച്ചിരുന്ന് അവനെ അന്വേഷിച്ച് അവ നോടു പ്രാർത്ഥിച്ചപ്പോൾ അനുഗ്രഹമാരിയുടെ ഉറവ തുറക്കുന്ന ഒരു കുലുക്കം ഉണ്ടായി.അതി നാൽ പ്രതികൂലത്തിലും ധൈര്യമായി ഈ താക്കോൽ ഉപയോഗിയ്ക്കാം.

**2) സ്തുതിയും ആരാധനയും(2 രാജ : 3:15)**

വീണക്കാരന്റെ വീണയിൽനിന്ന് ഉയർന്ന സംഗീതം ചുറ്റുപാടുമുള്ളവരുടെ അവിശ്വാസം സൃഷ്ടിച്ച അന്തരീഷത്തെ മാറ്റി. യഹോവയുടെ കൈ എലീശയുടെ മേൽ ഇറങ്ങിവന്നു. സ്തുതിയും ആരാധനയും ദൈവസാന്നിദ്ധ്യം ഇറക്കുന്ന മുഖാന്തരങ്ങളാണ്. ഇവ സ്വർഗവുമായി നമ്മെ ബന്ധപ്പെടുത്തും.

കഷ്ടതയിലും പാടി സ്തുതിക്കുന്നവന്റെ മുൻപിൽ ഏത് അടഞ്ഞവാതിലും തുറക്കുമെന്ന് ഫിലിപ്പിയിലെ കാരാഗൃഹത്തിലെ പാട്ട് ശ്രദ്ധിക്കുന്നവർക്ക് മനസിലാകും.Read അപ്പോ: പ്ര:(16:24 -26) നമ്മുടെ അനുഗ്രഹത്തെ തടയുന്ന വാതിലുകൾ തുറക്കുവാൻ (അത് എത്ര ഉറപ്പുള്ളതാക്കിയാലും) സ്തുതിയുടെ സംഗീതത്തിന്റെ (ആരാധനയുടെ താക്കോൽ ഉപയോഗിച്ചാൽ മതി)

**3) യഹോവയുടെ വാക്ക്- അനുസരിക്കുക.(2 രാജ : 3:19)**

യഹോവയുടെ വാക്ക് ഉപയോഗപ്രദമാക്കുവാൻ സ്വീകരിക്കുന്നവന് പ്രത്രേക അടയാളം നോക്കേണ്ട കാര്യമില്ല. കർമ്മേലിൽ കൈമേഘം വന്നു,മാളികമുറിയിൽ അഗ്നിനാവും പ്രത്യക്ഷമായി. എന്നാൽ ഇവിടെ അടയാളം കാണുകയില്ല എന്ന് പ്രത്യേകം പറയുന്നുണ്ട്. കാറ്റും മഴയും കാണില്ല എന്നാൽ ആവോളം കുഴികൾ കുഴിക്കണം. ജനത്തിനും മൃഗസമ്പത്തിനും വെള്ളം ഉപയുക്തമാക്കുവാൻ. മഴയില്ലാത്ത ചൂടുള്ള ഭൂമിയിലും തണുത്ത ജലമാണ് അവൻ ഒഴുക്കുന്നത്. പ്രവാചകശിഷ്യന്റെ ഭാര്യയോട് എണ്ണ പകരുവാൻ പാത്രം കുറയരുതെന്ന് പറഞ്ഞതുപോലെ കുഴിക്കുന്ന കുഴികളും കുറയരുത്. അവശ്വസനീയമായതെന്ന് തോന്നുന്ന ഈ വാക്കുകൾ അനുസരിച്ച് ഫലം കണ്ടെത്തുവാൻ വിശ്വാസവും ആവശ്യമാണ്. കുഴിയുടെ എണ്ണം കുറഞ്ഞാൽ അനുഗ്രഹമാരിയുടെ സംഭരണിയും കുറയും.

**4) പ്രവർത്തി എന്ന താക്കോൽ (2രാജ : 3:20)**

ദൈവീക വാക്ക് പ്രാവർത്തികമാക്കുന്നവർക്കു മാത്രമെ അനുഗ്രഹം ലഭ്യമാകുന്നുള്ളു.ഏലീശയുടെ വാക്കനുസരിച്ച് പ്രവർത്തിച്ചപ്പോൾ ക്ഷാമം മാറി സമൃദ്ധി ലഭിച്ചു. കാനാവിലെ കല്യാണ വീട്ടിൽ പച്ച വെള്ളം കോരിക്കൊടുക്കുവാൻ ആവശ്യപ്പെട്ടത് അനുസരിച്ച വേലക്കാർ ദൈവീക മഹത്വം കണ്ടു. പ്രവർത്തിയുടെ താക്കോലുപയോഗിച്ചാൽ സമൃദ്ധി ,നന്മ ഇവയൊക്കെ ലഭിക്കുകയുള്ളു.

**5) അനുഗ്രഹം ഉപയോഗിക്കുക (2 രാജ :3: 20 b)**

ദേശം വെള്ളം കൊണ്ട് നിറഞ്ഞു വരൾച്ച ബാധിച്ച ദേശത്ത് ജല സമൃദ്ധിയുണ്ടായി. ചോദിച്ച അഥവാ യഹോവയെ അന്വേഷിച്ചവനു മാത്രമല്ല എല്ലാവരും (അന്വേഷിക്കാത്തവനും) അനുഗ്രഹത്തിന് ഓഹരിക്കാരായി എന്നാൽ ന്യായവിധിയുടെ വെള്ളം ഉയരുന്നതിനാൽ യഹോവ വാതിലടയ്ക്കും മുമ്പ് പെട്ടകത്തിൽ കയറുന്നവർക്കേ രക്ഷയുള്ളു. അനുഗ്രഹത്തിന്റെ താക്കേൽ ഉപയോഗിക്കുക അനുഗ്രഹം പകരുക.

**6) ജയത്തിന്റെ താക്കോൽ (2 രാജ : 3: 24)**

ശത്രുവിനെ അനുഗ്രഹനീരൊഴുക്കിനാൽ നമ്മുടെ കാൽ ചുവട്ടിലാക്കി അവന്റെ മേൽ ജയം തരുന്നവനാണ് യഹോവ പ്രതികുലങ്ങളെ നോക്കി പരാജയ ഭീതിയുള്ളവരാകാതെ ജയത്തിന്റെ താക്കോൽ ഉപയോഗിക്കാം.

പ്രീയരേ! അനുഗ്രഹമാരിയുടെ പൂട്ട് തുറക്കുവാൻ (ആത്മീയനുഗ്രഹമുള്ളവരാകുവാൻ)

**ഈ '6' താക്കോലുകൾ ഉപയോഗിക്കുക ജയം നമുക്കു തന്നെ**

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind